**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2476** **05/02/2018-ൽ മറുപടിയ്ക്ക്**

**കാർഷിക വായ്പ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പയെടുക്കുന്നവർക്ക് പലിശയിളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) ഹ്രസ്വകാല വിളവായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2010-11 സാമ്പത്തികവർഷം മുതൽ നെൽ കർഷകർക്ക് ഇപ്രകാരം പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 7% പലിശ നിരക്കിലാണ് ഹ്രസ്വകാല വായ്പകൾ (കാർഷിക വായ്പകൾ) നൽകുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്സിഡിയോടൊപ്പം 4% സംസ്ഥാന സർക്കാരും പലിശ സബ്സിഡി നൽകി വരുന്നു. പലിശ ഇളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>i) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ/കിസാൻ ക്രെഡിറ്റ്/ കാർഷിക ആവശ്യത്തിനുള്ള ക്യാഷ് ക്രെഡിറ്റ് എന്നിവയായിരിക്കണം.<br>ii) സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷകരായിരിക്കണം.<br>iii) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായിരിക്കണം വായ്പ തുക.<br>iv) മുതൽ തുക കുടിശ്ശിക ഇല്ലാതെ കാലാവധിയ്ക്കുള്ളിൽ (തവണ തീയതിയിലോ, അതിനുമുമ്പോ) തിരിച്ചടച്ചിരിക്കണം.<br>v) ഒരു കർഷകന് 3 ലക്ഷം വരെയുള്ള വായ്പകൾക്ക് മാത്രമേ ഈ പദ്ധതി പ്രകാരം പലിശ ഇളവിന് അർഹതയുള്ളു. ടി പരിധിയിൽ അധികരിച്ചുവരുന്ന വായ്പകൾക്ക് പലിശ ഇളവ് ലഭിക്കുന്നതല്ല. |

| | |
|---|---|
| (ബി) കാർഷിക വായ്പയുടെ പലിശ നിരക്ക് (ബി) എത്രയാണെന്നും യഥാസമയം വായ്പ തിരിച്ചടയ്ക്കുന്നവർക്ക് എത്ര ശതമാനം പലിശയിളവാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ; | കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം കാർഷിക വായ്പകൾ (ഹ്രസ്വകാല വിളവായ്പകൾ) 7% പലിശ നിരക്കിലാണ് നൽകുന്നത്. മാനദണ്ഡങ്ങൾ പാലിച്ച് വായ്പ കാലാവധിയ്ക്ക് ഉള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശരഹിതമായാണ് വായ്പ നൽകി വരുന്നത്. |
| (സി) യഥാസമയം കാർഷികവായ്പ തിരിച്ചടയ്ക്കുന്നവരിൽ നിന്നും പലിശയിളവ് കഴിച്ചുള്ള തുകയാണോ ഈടാക്കുന്നതെന്നും അല്ലെങ്കിൽ എപ്രകാരമാണ് പലിശയിളവ് നൽകുന്നതെന്നും വിശദമാക്കാമോ; | (സി) കൃത്യമായി തിരിച്ചടയ്ക്കുന്നവരിൽ നിന്നും പലിശ ഇളവ് കഴിഞ്ഞ തുക (മുതൽ തുക) മാത്രമാണ് ഈടാക്കുന്നത്. കാലാവധിയ്ക്കുള്ളിൽ കുടിശ്ശികയില്ലാതെ തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് നബാർഡിൽ നിന്നുള്ള 3% പലിശ സബ്സിഡിയ്ക്കായുള്ള ക്ലെയിം സ്റ്റേറ്റ്മെന്റ് ജില്ലാ സഹകരണ ബാങ്കിനും, ബാക്കി 4 ശതമാനത്തിനുള്ള ക്ലെയിം സ്റ്റേറ്റ്മെന്റ് ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്കും ബന്ധപ്പെട്ട സംഘം/ബാങ്ക് സമർപ്പിക്കേണ്ടതാണ്. |
| (ഡി) കാർഷിക വായ്പയ്ക്ക് പലിശയിളവ് (ഡി) നൽകുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര രൂപ ഇതുവരെ അനുവദിക്കുകയുണ്ടായി; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2017-18 ലെ ബഡ്ജറ്റ് വിഹിതമായ 1 കോടി രൂപ ഉൾപ്പെടെ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള ഇളവിനായി സംസ്ഥാനത്തെ 14 ജില്ലകളിലേയും സംഘങ്ങളിൽ നിന്ന് കോർട്ടർ തിരിച്ച് ലഭിച്ചുവരുന്ന ക്ലെയിം സ്റ്റേറ്റ്മെന്റ് അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ) പരിശോധിച്ച് ശുപാർശ ചെയ്ത് സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ച തരുന്നതിൽ നിന്നും മുൻഗണനാ ക്രമമനുസരിച്ച് ലഭ്യമായ തുക വിഭജിച്ച് അതാത് സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് ജോയിന്റ് രജിസ്ട്രാർ വഴി നൽകുന്നു. കൂടാതെ, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പലിശരഹിത നെൽകൃഷി വായ്പകൾക്ക് പലിശ സബ്സിഡിയായി 2,07,62,936/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ